"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ശ്രീ അനുരാഗ്. കെ, കാനിച്ചേരിയൻ -ന് ലൈഫ് ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2592/2024/LSGD തീയതി,തിരുവനന്തപുരം, 31-12-2024

---

പരാമർശം:-

1. ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 25/11/2023 ലെ അടിയന്തര യോഗത്തിന്റെ 7ാം നമ്പർ തീരുമാനം
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26/11/2024 ലെ നം.4446/സി.സി/2019/ലൈഫ്(5) നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗത്തിന്റെ ഖണ്ഡിക (4.45) തീരുമാനം

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ ശ്രീ അനുരാഗ് കെ, കാനിച്ചേരിയൻ ലൈഫ് 2020 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും, ടിയാൻ ഉൾപ്പെട്ട റേഷൻകാർഡിലെ അംഗത്തിന് അഞ്ച് സെന്റ് സ്ഥലവും ഉള്ളതിനാൽ ടിയാനെ അനർഹരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു, ടിയാൻ അപ്പീലും സമർപ്പിച്ചിരുന്നില്ല. പട്ടിക ജാതി വിഭാഗത്തിലുൾപ്പെട്ട അനുരാഗിനെ ലൈഫ് പട്ടികയിൽ ഉൾപ്പെടുത്താൻ അർഹനായതിനാൽ നടപടി സ്വീകരിക്കുന്നതിനായി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുവാൻ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

പട്ടികജാതിയിൽ ഉൾപ്പെട്ട കുടുംബമായതിനാൽ, ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണമെന്ന മാനദണ്ഡത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളതിനാൽ ടി

കുടുംബത്തെ ലൈഫ് ഭൂരഹിത ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹതയുണ്ടെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2 ) പ്രകാരം ശിപാർശ ചെയ്തു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05/12/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബമായതിനാൽ, കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ശ്രീ.അനുരാഗ്.കെ കാനിച്ചേരിയൻ -ന് ലൈഫ് ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ശ്രീ അനുരാഗ്.കെ ,കാനിച്ചേരിയിൽ( സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 01-01-2025 15:26:56

സെക്ഷൻ ഓഫീസർ